പത്രപ്രസ്താവന
ഭാരതീയ റിസർവ്വ് ബാങ്ക്

വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 15, 2017

**ലൈസൻസ് റദ്ദു ചെയ്ത് അർബൻ സഹകരണ ബാങ്കിനെ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിനു കീഴിൽ സഹകരണ സംഘമായി മാറ്റുന്നു - സോജിത്ര സഹകരണ ബാങ്ക് ലിമിറ്റഡ്, ആനന്ദ് ജില്ല, ഗുജറാത്ത്**

2017 ജനുവരി 23 ലെ ഉത്തരവ് പ്രകാരം സോജിത്ര സഹകരണ ബാങ്കിന്റെ (ആനന്ദ്, ഗുജറാത്ത്) ലൈസൻസ് ഭാരതീയ റിസർവ് ബാങ്ക് റദ്ദു ചെയ്ത വിവരം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു. ബാങ്കിന്റെ പ്രതികൂലമായ സാമ്പത്തിക സ്ഥിതിയും റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലുള്ള വൈമുഖ്യവും കണക്കിലെടുത്ത് 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ (AACS) പരിധിയിൽനിന്നും പുറത്തു പോകാനും ബാങ്കിനെ ഒരു സഹകരണസംഘമായി മാറ്റുവാനും ഉപദേശിച്ചിരുന്നു. ഈ നിയമത്തിന്റെ 36(A)(2) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സോജിത്ര സഹകരണസംഘമായി മാറ്റുന്നതിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കുന്നു. അതിനാൽ മുകളിൽ സൂചിപ്പിച്ച നിയമത്തിലെ 5(cci), 56 എന്നീ വകുപ്പുകൾ ഇനി മുതൽ ഈ ബാങ്കിന് ബാധകമല്ലാത്തതാകുന്നു. 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം (AACS) 22, 56 എന്നീ വകുപ്പുകൾ പ്രകാരമുള്ള ബാങ്കിംഗ് ഇടപാടുകൾ നടത്തുന്നതിൽനിന്നും ഈ സ്ഥാപനത്തെ നിരോധിച്ചിരിക്കുന്നു. അതിനാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം 5(b) വകുപ്പ് ൽ നിർവചിച്ചിരിക്കുന്ന നിക്ഷേപങ്ങൾ സ്വീകരിക്കലും മടക്കിനല്കലും ഉൾപ്പെടെയുള്ള പ്രവർത്തനം നടത്തുന്നതിൽനിന്നും ബാങ്കിനെ ഒഴിവാക്കിയിരിക്കുന്നു.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡൈ്വസർ

പത്രപ്രസ്താവന:**2016-2017/2197**